**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4391** **18-07-2022 - ൽ മറുപടിയ്ക്ക്**

**രജിസ്ട്രേഷൻ വകുപ്പിൽ ടെംപ്ലേറ്റ് സംവിധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. നജീബ് കാന്തപുരം | | ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ, സാംസ്കാരികം വകുപ്പ് മന്ത്രി) | |
| (എ) | രജിസ്ട്രേഷൻ വകുപ്പിൽ ടെംപ്ലേറ്റ് സംവിധാനം നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ; | (എ) | 29.04.2022 തീയതിയിലെ സ.ഉ(സാധാ)നം.343/2022/നികുതി നമ്പർ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ രജിസ്ട്രേഷൻ വകുപ്പിൽ ടെംപ്ലേറ്റ് സംവിധാനം നടപ്പിലാക്കിയിരുന്നു. |
| (ബി) | എങ്കിൽ ഇതിന്റെ നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ; | (ബി) | ചില സാങ്കേതിക കാരണങ്ങളാൽ രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ 20.05.2022 ലെ ആർ.ആർ-9/8414/2019 നമ്പർ ഉത്തരവ് പ്രകാരം ഈ സംവിധാനം താത്കാലികമായി നിർത്തിവെച്ചിരിക്കുന്നു. |
| (സി) | ടെംപ്ലേറ്റ് സംവിധാനം നടപ്പാക്കുന്നതോടെ ജോലി നഷ്ടപ്പെടുന്ന ആധാരമെഴുത്തുകാരെ പുനരധിവസിപ്പിക്കാനും ഇവരുടെ തൊഴിൽ സംരക്ഷണത്തിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ; | (സി) | ടെംപ്ലേറ്റ് സംവിധാനം നടപ്പാക്കുന്നതോടെ ആധാരമെഴുത്ത് മേഖലയിലുള്ളവരുടെ ജോലി നഷ്ടപ്പെടുമെന്ന ആശങ്ക അടിസ്ഥാന രഹിതമാണ്. രജിസ്ട്രേഷൻ വകുപ്പിലെ നിലവിലെ ഓൺലൈൻ സംവിധാനത്തിലൂടെ രജിസ്ട്രേഷൻ സംബന്ധമായ സേവനങ്ങൾ ആധാരമെഴുത്തുകാരും ലഭ്യമാക്കി പ്രയോജനപ്പെടുത്തി വരുന്നുണ്ട്. |
| (ഡി) | ലൈസൻസുള്ള ആധാരമെഴുത്തുകാർ മുഖേന ടെംപ്ലേറ്റ് സംവിധാനം നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (ഡി) | നിലവിൽ തീരുമാനം എടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ